# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.129 | | 11.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| നഗരദരിദ്രർക്കായുള്ള അഭയകേന്ദ്രങ്ങൾ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സ്വന്തമായി വീടില്ലാത്ത, പൊതുസ്ഥലങ്ങളിൽ അന്തിയുറങ്ങുന്ന നഗരദരിദ്രരെ കണ്ടെത്താൻ സർവ്വേ നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) | പദ്ധതിയുണ്ട്. ടി സർവ്വേ 2017 ജൂലൈ 15-ന് ആരംഭിച്ചിട്ടുള്ളതും നിലവിൽ 88 നഗരങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതും ആണ്. കൊച്ചിയിലും, തിരുവനന്തപുരത്തും സർവ്വേ പുരോഗമിച്ചു വരുന്നു. സർവ്വേ പൂർത്തിയായ 88 നഗരങ്ങളിൽ നിന്ന് ഇതുവരെ 2470 ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായ കുടുംബശ്രീ മുഖേനയാണ് ടി സർവ്വേ സംഘടിപ്പിച്ചിട്ടുള്ളത്. |
| (ബി) | ഇവർക്ക് വേണ്ടി സ്ഥിരമായി അഭയകേന്ദ്രങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നഗര ഉപജീവന മിഷൻ വിഭാവനം ചെയ്യുന്നതനുസരിച്ച് നഗരങ്ങളിലെ പൊതു സ്ഥലങ്ങളിൽ താമസിക്കുന്ന ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥിരമായ അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നഗരസഭകൾക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്. പുതിയ അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനു വിശദമായ പദ്ധതിരേഖ നഗരസഭകൾ സമർപ്പിക്കേണ്ടതാണ്. പദ്ധതിരേഖ പ്രകാരമുള്ള തുകയും പുനരുദ്ധാരണത്തിന് അഭയ കേന്ദ്രം ഒന്നിന് 50 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. ഇതിനു പുറമെ, അഭയകേന്ദ്രങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി അഭയ കേന്ദ്രം ഒന്നിന് 6 ലക്ഷം രൂപ വീതം 5 വർഷത്തേയ്ക്ക് 30 ലക്ഷം രൂപയും പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. |
| (സി) | പ്രസ്തുത അഭയകേന്ദ്രങ്ങളിൽ എന്തൊക്കെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ? | (സി) | ശുദ്ധവായു, ശുദ്ധജലം, ശുചിത്വം, ഭക്ഷണം സുരക്ഷിതമായ താമസം, ആരോഗ്യ പരിരക്ഷണത്തിനുതകുന്ന സൗകര്യങ്ങൾ എന്നിവയും, വിവിധ സർക്കാർ ഏജൻസികളുടെ സേവനങ്ങൾ, സൗജന്യ നിയമ സഹായം, സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി സംയോജിപ്പിക്കൽ, തുടങ്ങിയവയും അഭയ കേന്ദ്രങ്ങളിൽ സജ്ജീകരിക്കുന്നതാണ്. |

Smitha

സെക്ഷൻ ഓഫീസർ